പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2229 18.12.2012 -ലെ മറുപടി

കൽപ്പറ്റയിലെ കൺസഷൻ കൗണ്ടർ മാറ്റാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം. വി. ശ്രേയാംസ് കുമാർ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | കെ.എസ്.ആർ.ടി.സി. കൺസഷൻ കാർഡ് വിതരണം കൽപ്പറ്റയിലെ പഴയ ബസ് സ്റ്റാൻഡിലേക്ക് മാറ്റണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ബഹു. കൽപ്പറ്റ എം.എൽ.എ. മുഖാന്തിരം ഒരു വിദ്യാർത്ഥി സംഘടന നിവേദനം നൽകിയിട്ടുണ്ട്. |
| (ബി) | പുതിയ കൺസഷൻ കൗണ്ടർ കൽപ്പറ്റ ടൗണിൽ നിന്നും മൂന്ന് കിലോമീറ്റർ അകലെ ആയതു മൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) യും (സി) യും | കൽപ്പറ്റ പഞ്ചായത്ത് ബസ്സ് സ്റ്റാന്റിൽ പ്രവർത്തിച്ചിരുന്ന കൺസഷൻ ടിക്കറ്റ് കൗണ്ടർ കൽപ്പറ്റ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ആവശ്യമായ സൗകര്യമുള്ളതുകൊണ്ടാണ് മാറ്റിയത്. കൺസഷൻ ടിക്കറ്റ് കൗണ്ടർ ഡിപ്പോയോട് ചേർന്ന് പ്രവർത്തിക്കുന്നതാണ് പ്രായോഗികമായി സൗകര്യപ്രദം. ദിവസവും കൺസഷൻ ടിക്കറ്റുമായി പഞ്ചായത്ത് ബസ്സ് സ്റ്റാന്റിലെ കൗണ്ടറിലേക്ക് പോകുന്നതും പണം അടയ്ക്കുന്നതിനായി തിരിച്ച് ഡിപ്പോയിലേക്ക് വരുന്നതും ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാലാണ് ഈ മാറ്റം വരുത്തിയിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് മെയിൻ റോഡിൽ നിന്നും കഷ്ടിച്ച് 300 മീറ്റർ മാത്രം ദൂരമുള്ള ഡിപ്പോയിൽ വന്ന് കൺസഷൻ ടിക്കറ്റ് എടുക്കുന്നത് ബുദ്ധിമുട്ടുള്ള കാര്യമായി കരുതുന്നില്ല. |
| (സി) | പ്രസ്തുത കൗണ്ടർ കൽപ്പറ്റയിലെ പഴയ സ്റ്റാൻഡിൽ തന്നെ നിലനിർത്തുവാൻ നടപടി സ്വീകരിക്കുമോ; | | |

സെക്ഷൻ ഓഫീസർ